**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4576** **19-03-2025 - ൽ മറുപടിയ്ക്ക്**

**ബഡ്ജറ്റ് വിഹിതത്തിൽ വെട്ടിക്കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുകയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും വെട്ടിക്കുറച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഈ സർക്കാരിന്റെ കാലത്ത് 2024-25 സാമ്പത്തിക വർഷം ബജറ്റ് തുകയിൽ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ട് .<br><br>2024-25 വർഷത്തിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ബജറ്റ് വിഹിതമായ 1607.18 കോടി രൂപ 920.17 കോടി രൂപയായി പുനക്രമീകരണം ചെയ്തിട്ടുണ്ട്.<br><br>ചട്ടം 300 പ്രകാരമുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് ആനുകൂല്യങ്ങൾക്കായി വകയിരുത്തിയ തുക പ്ലാൻ പ്രയോററൈറ്റൈസേഷൻ പ്രകാരം ക്രമീകരിച്ചിട്ടില്ല.( വർക്സ് ആൻഡ് ബിൽഡിംഗ്സ് (ബജറ്റ് വിഹിതം- 6 കോടി) എന്ന പദ്ധതി പൊതുമരാമത്തു വകുപ്പ് (PWD) വഴി നടപ്പിലാക്കുന്നതായതിനാൽ ടി പദ്ധതിയും പ്ലാൻ പ്രയോരിറ്റൈസേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. 25.01.2025 തീയ്യതിയിലെ സ.ഉ(സാധാ)നം. 61/2025/SCSTD പ്രകാരം ബാക്കി തുകയായ 1370.06 {1607.18 കോടി - (231.12 കോടി + 6 കോടി)} കോടി രൂപ 920.17 കോടി രൂപ പുന:ക്രമീകരണം ചെയ്തിട്ടുണ്ട്.)<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2024-25 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ വികസന വകുപ്പിന്റെ പട്ടികവർഗ ഉപപദ്ധതിയിൽ വകയിരുത്തിയ ആകെ പദ്ധതി തുകയായ 65400.05 ലക്ഷം രൂപയിൽ നിന്നും 11176 ലക്ഷം രൂപ 27 പദ്ധതികളിലായി കുറവ് വരുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ